




സികളുമായുള്ള സംയോജന സാധ്യതകൾ കണ്ടെത്തി ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

- നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികളുടെ സാങ്കേതികമായ അനുയോജ്യത ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികൾ പരിശോധിക്കേണ്ടതാണ്.

**നീരുറവ് പദ്ധതിയുടെ സംഘടനാ സംവിധാനം ഇതാണ്.**

- ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ആയിരിക്കും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.
- പദ്ധതി പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുന്നതിനും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വകുപ്പുകൾ/ എജൻസികൾ എന്നിവയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ, കുടുംബശ്രീ CDS ചെയർപേഴ്സൺ, നീർത്തട കമ്മിറ്റി ഭാരവാഹികൾ എന്നിവർ അടങ്ങിയ ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. BPO/JBDO(NREGS) നെ ഈ കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാവ് ആയി ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. നീർത്തട പ്രദേശം ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ടു വരുന്ന സാഹചര്യത്തിൽ കുടുതൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനാകേണ്ടതും മറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ ഉപാദ്ധ്യക്ഷന്മാർ ആകേണ്ടതുമാണ്. സമാനമായ രീതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ കമ്മിറ്റിയുടെ കൺവീനർ, ജോയിന്റ് കൺവീനർ ചുമതലകളും വഹിക്കേണ്ടതാണ്.
- നീർത്തട കമ്മിറ്റി - ഗ്രാമപഞ്ചായത്തു വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ ആയി നീർത്തട കമ്മിറ്റി രൂപീകരിക്കണം. നീർത്തട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ ഉപാദ്ധ്യക്ഷർ ആയിരിക്കും. വി.ഇ.ഒ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയ വകുപ്പിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കും പ്രകാരം കൺവീനർ ആയിരിക്കണം. MGNREGS അക്രഡിറ്റഡ് എൻജിനിയർ/ഓവർസിയർ ജോയിന്റ് കൺവീനർ ആകണം. നീർത്തട കമ്മിറ്റിയിൽ 10-15 അംഗങ്ങൾ ഉണ്ടായിരിക്കണം. കുടുംബശ്രീ ADS ചെയർപേഴ്ചൺമാർ, നീർത്തട അയൽക്കൂട്ടങ്ങളുടെ പ്രതിനിധികൾ, തൊഴിലുറപ്പു തൊഴിലാളികൾ/മേറ്റുമാർ, കർഷകർ, കർഷക തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുടെ പ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർ എന്നിവരെ നീർത്തട കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. നീർത്തട കമ്മിറ്റിയിൽ 50% വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം. ജനസംഖ്യാനുപാതികമായി മതിയായ എണ്ണം പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെയും നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.
- നീർത്തട ഗ്രാമസഭകൾ - നീർത്തടപ്രദേശത്ത് ഉൾപ്പെട്ടു വരുന്ന വാർഡുകളിലെ ജനങ്ങളെ ഉൾക്കൊള്ളിച്ച് നീർത്തട ഗ്രാമസഭകൾ രൂപീകരിക്കേണ്ടതാണ്. പദ്ധതി രേഖയുടെ അംഗീകാരം, പദ്ധതി നിർവ്വഹണത്തിന്റെ സമയബന്ധിതമായ പുരോഗതി റിപ്പോർട്ടിങ്ങ് എന്നിവയ്ക്കായി നീർത്തട ഗ്രാമസഭ വിളിച്ചു ചേർക്കേണ്ടതാണ്.
- നീർത്തട ഗ്രാമസഭകൾ അംഗീകരിക്കുന്ന പദ്ധതി രേഖ ഗ്രാമപഞ്ചായത്തുതലത്തിൽ അംഗീകരിക്കുകയും, തുടർന്ന് തൊഴിലുറപ്പു പദ്ധതിയുടെ വരും വർഷങ്ങളിലെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുകയുമാണ് ചെയ്യുന്നത്. നിർവഹണം നടക്കുന്ന ഘട്ടത്തിൽ ജനകീയ കമ്മറ്റികളുടെ നേതൃത്വത്തിൽ മോണിറ്ററിങ്ങ് നടത്തുകയും വേണം. നടപ്പാക്കിയ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിങ്ങും നിർവഹിക്കേണ്ടതുണ്ട്.



**ഈ ജനകീയ മുന്നേറ്റത്തിൽ**




**നമുക്കും പങ്കാളികളാകാം**



- നവകേരളം കർമപദ്ധതി
- ഹരിതകേരളം മിഷൻ
- മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ
- കില

# നീരുറവ്

നീർത്തടാധിഷ്ഠിത സമഗ്ര വികസന പദ്ധതി







വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റി, നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിപുലമായ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിനുവേണ്ടി നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് നീരുറവ്.

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്കും, അടിസ്ഥാന സൗകര്യ വികസനത്തിനും നൽകുന്ന സംഭാവന വളരെ വലുതാണ്. ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയത കുടുംബങ്ങൾക്ക് 100 ദിനം അവിദഗ്ധ കായിക തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം ഉല്പാദനക്ഷമവും ദീർഘകാലം നിലനില്കുന്നതുമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. രാജ്യത്തെ ഗ്രാമീണ മേഖലയിൽ ദരിദ്ര കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും മണ്ണും ജലവും അടക്കമുള്ള പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനും പദ്ധതി ലക്ഷ്യമെടുന്നു.

സംസ്ഥാനത്ത് തൊഴിലുറപ്പു പദ്ധതിയിൽ വിനിയോഗിക്കുന്ന തുകയുടെ 80% ലേറെയും പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾക്കു വേണ്ടിയാണ് ചെലവഴിക്കപ്പെടുന്നത്. ഈ തുകയുടെ വിനിയോഗം ഫലപ്രദമാകാണമെങ്കിൽ ഓരോ ഗ്രാമപഞ്ചായത്തിലും ശാസ്ത്രീയമായി പ്രവൃത്തികൾ കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സമഗ്ര നീർത്തട പദ്ധതികൾ തയ്യറാക്കേണ്ടതായിട്ടുണ്ട്. ചെറുനീർത്തടങ്ങൾ അടിസ്ഥാനമാക്കി ശാസ്ത്രീയമായ ആസൂത്രണത്തിലൂടെ പദ്ധതി നടപ്പിലാക്കിയാൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഫലപ്രദമായി പൂർത്തീകരിക്കുവാനും, സംസ്ഥാനത്തിന് ലഭിക്കുന്ന പദ്ധതി വിഹിതം ആ പ്രദേശത്തിനു ഏറ്റവും പ്രയോജനകരമാകും വിധം വിനിയോഗിക്കുന്നതിനും സാധ്യമാകും.

പൊതുവായ നീരൊഴുക്കുള്ള (ഡ്രൈനേജ്) പ്രദേശത്തിന് പൊതുവെ നീർത്തടം/നീർമറി/വാട്ടർഷെഡ്പ്രദേശം എന്നാണ് പറയുക. ഇത് പ്രകൃതി തന്നെ രൂപകൽപ്പന ചെയ്തിട്ടുള്ള സ്ഥല-ജല സ്വരൂപമാണ്. ഈ പ്രദേശത്ത് വീഴുന്ന മഴവെള്ളമോ ഉറവകളിൽ നിന്ന് വരുന്ന ജലമോ ഒഴുകി പൊതുവായ ഒരു ചാനലിലോ തോട്ടിലോ എത്തും. ഒരു നീർത്തടത്തിനെ വലയം ചെയ്യുന്ന ഉയർന്ന ഭൂപ്രദേശങ്ങൾ ആയിരിക്കും അതിന്റെ അതിർത്തികൾ (Ridge). പ്രദേശത്ത് ലഭിക്കുന്ന മഴവെള്ളം ചരിവിന് അനുസൃതമായി ചെറുതും വലുതുമായ ചാലുകളിലൂടെ ഒഴുകി ഒരു പൊതു ബഹിർഗമന ഭാഗത്ത് (outlet) എത്തുകയും ചെയ്യുന്നു.

ഒരു നീർത്തട പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ലഭ്യമായ വിഭവങ്ങളുടെ യുക്തിസഹവും സന്തുലിതമായ പരിപാലനവും ഉപയോഗവും ആ പ്രദേശത്ത് സ്ഥായിയായ ഉൽപാദന പ്രക്രിയയ്ക്ക് സാഹചര്യം ഒരുക്കുകയും അതുവഴി അവിടെ ജീവിക്കുന്ന ഗ്രാമീണ ജനവിഭാഗത്തിന്റെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു. മണ്ണ് ജലസംരക്ഷണം, കാർഷിക വികസനം, മൃഗസംരക്ഷണം, ക്ഷീര വികസനം, സാമൂഹ്യ വനവൽക്കരണം, കാർഷിക - കാർഷിക അനുബന്ധ വ്യവസായ വികസനം, അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യക്ഷേമം തുടങ്ങിയ നാനാമുഖമായ വികസന പ്രക്രിയകൾ ഈ പ്രദേശത്ത് സംയോജിക്കപ്പെടുന്നു. ഇങ്ങനെ വിവിധ പദ്ധതികൾ സംയോജിപ്പിക്കുന്നതിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിന് വേണ്ടിയാണ് 'നീരുറവ്' എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്.

'നീരുറവ്' എന്ന പദ്ധതി പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലെയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി ഓരോ നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലനപ്രവൃത്തികൾ ഉൾപ്പെടുന്ന സമഗ്രമായ പദ്ധതി രേഖ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രകൃതി വിഭവങ്ങളായ മണ്ണിനെയും ജലത്തിനെയും സംരക്ഷിക്കുവാനും ജൈവസമ്പത്ത് വർദ്ധിപ്പിക്കുവാനും അതിലൂടെ കാർഷികാഭിവൃദ്ധിയും ജനങ്ങളുടെ ഉപജീവന സ്ഥിതിയും മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യമിടുന്നത്. കേവലമൊരു തൊഴിൽദാന പദ്ധതിയെന്ന നിലയിൽ നിന്നു മാറി പരിസ്ഥിതി പുനസ്ഥാപനത്തിനും കാലാവസ്ഥാ മാറ്റത്തിന്റെ കെടുതികളെ ചെറുക്കുന്നതിനും തൊഴിലുറപ്പു പദ്ധതിയെ സർഗ്ഗാത്മകമായി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിൽ ഉൾപ്പെട്ട പുല്ലൻപാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തടത്തിലാണ് സംസ്ഥാനത്ത് ഇത്തരത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ സമഗ്ര പദ്ധതി രേഖ തയ്യാറാക്കി പ്രവർത്തനം ആദ്യമായി നടപ്പിലാക്കിയത്. രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള 13 ജില്ലകളിലും ഒരു ചെറു നീർത്തടത്തിന്റെ സമഗ്ര പദ്ധതിരേഖ തയ്യാറാക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ തുടർച്ച എന്നോണം അടുത്തഘട്ടത്തിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനുമായി കൈകോർത്തുകൊണ്ട് ജലാഞ്ജലി-നീരുറവ് പ്രവർത്തനം കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ നടത്തുകയുണ്ടായി. ഇതിലൂടെ പേരാവൂർ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലുള്ള 86 നീർത്തടങ്ങളിലും വൻ ജനകീയ പങ്കാളിത്തത്തോടെ സമഗ്ര നീർത്തട പദ്ധതി രേഖകൾ തയ്യാറാക്കുന്നതിനു സാധിക്കുകയുണ്ടായി. പേരാവൂർ ബ്ലോക്കിൽ വിജയകരമായി നടപ്പിലാക്കിയ അതെ മാതൃകയിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സമഗ്ര നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ ഹരിതകേരളംമിഷനും തൊഴിലുറപ്പു മിഷനും സംയുക്തമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആരംഭിച്ചിട്ടുള്ളത്.

**നീരുറവു പദ്ധതിയുടെ ഭാഗമായി സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുമ്പോൾ ചുവടെ ചേർത്തകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.**

- ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആയിരിക്കണം പദ്ധതി തയ്യാറാക്കേണ്ടത്. ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ ഏകോപനവും നേതൃത്വവും ഉണ്ടായിരിക്കുന്നതാണ്.
- ജനപ്രതിനിധികൾ അടക്കം പ്രദേശവാസികളായ മുഴുവൻ പേരിലും പദ്ധതിയെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ, വിവിധ പ്രചാരണ പരിപാടികൾ, മറ്റു ക്യാംപയിൻ പ്രവർത്തനങ്ങൾ എന്നിവ പ്രാരംഭഘട്ടം മുതൽ സംഘടിപ്പിക്കേണ്ടതാണ്.
- ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട മുഴുവൻ വകുപ്പുകളുടേയും ഏജൻസികളുടെയും ഏകോപനം ഉറപ്പു വരുത്തണം.
- നീർത്തടത്തിന്റെ അതിർത്തി നിർണ്ണയം ഡ്രയിനേജ് മാപ്പ്, ടോപ്പോ ഷീറ്റ്, ഗൂഗിൾ എർത്ത്, കഡസ്ട്രൽ മാപ്പ് എന്നിവയുടെ സഹായത്തോടെ ശാസ്ത്രീയമായി നടത്തണം.
- നീർത്തടത്തെ അറിയുന്നതിന് ബഹുജന പങ്കാളിത്തത്തോടെ നീർത്തട നടത്തം സംഘടിപ്പിക്കണം.
- മുഴുവൻ കുടുംബങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി അമ്പത് വീടുകൾക്ക് ഒന്നെന്ന നിലയിൽ നീർത്തട അയൽക്കൂട്ടങ്ങൾ രൂപീകരിക്കണം.
- ഓരോ സർവ്വേ നമ്പരിലും ഉൾപ്പെട്ട പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും നീർച്ചാലുകളിലും, പൊതുകുളങ്ങൾ അടക്കമുള്ള മറ്റു ജലസ്രോതസ്സുകളിലും അവയുടെ സവിശേഷതകൾക്കനുസരിച്ച് ശാസ്ത്രീയമായി നടത്തേണ്ട ഇടപെടലുകൾ കണ്ടെത്തണം.
- സംയോജന സാധ്യതകൾ - ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം അടക്കം വിവിധ വകുപ്പുകളുമായും ഏജൻ